# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 463

27.02.2018-ൽ മറുപടിയ്ക്ക്

## കൊരട്ടിയിൽ വ്യവസായ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സർക്കാർ തിരിച്ചെടുത്ത കൊരട്ടി മധുര കോട്സ് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലം, കൊരട്ടി ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സ് വക സ്ഥലം, കൊരട്ടി കിൻഫ്രാ പാർക്ക് തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമായ വ്യവസായ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | ബി) | കൊരട്ടിയിലെ കിൻഫ്രാ പാർക്കിൽ നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം കിൻഫ്ര ലഭ്യമാക്കിയിട്ടുണ്ട്. കൊരട്ടിയിലെ ഗവൺമെന്റ് പ്രസ്സിന്റെ ഭൂമി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല തീരുമാനം ലഭിക്കുന്ന മുറക്ക് പാർക്കിന്റെ വിപുലീകരണവും വികസനവും നടപ്പിലാക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. |
| സി) | ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 11 ബഹുനില വ്യവസായ ഷെഡ് കൊരട്ടിയിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | സി) | കൊരട്ടി വ്യവസായ പാർക്കിൽ കിൻഫ്ര സ്ഥാപിക്കുന്ന ബഹുനില വ്യവസായ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കഴിഞ്ഞു. 70000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിട സമുച്ചയമാണ് കിൻഫ്ര നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.